# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യ നമ്പർ -659 | | 04.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| **അംബേദ്കർ ഗ്രാമവികസന പരിപാടിയിലെ നവീകരണ പ്രവർത്തനങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| ശ്രീ.അനിൽ അക്കര | | **എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ചില വീടുകളുടെ ഭിത്തിക്ക് ബലക്കുറവുള്ളതിനാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കവറ പാപ്പാനഗർ കോളനി, പാരിക്കാട് കോളനി, അംബേദ്ക്കർ കോളനി എന്നീ കോളനികളിൽ ചില വീടുകളുടെ ഭിത്തികൾക്ക് ബലക്കുറവുള്ളതിനാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ട്. |
| (ബി) | ഈ വീടുകളിൽ ജി.ഐ റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | തടസ്സമുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി സംബന്ധിച്ച ഉത്തരവിൽ ജി.ഐ റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് വ്യവസ്ഥയില്ല. റൂഫിംഗ് ഷീറ്റുകൾ ഉപയോഗിക്കുന്നത് ഗൃഹാന്തരീക്ഷത്തിലെ താപനില ഗണ്യമായ തോതിൽ വർദ്ധിക്കുവാൻ സാദ്ധ്യതയുള്ളതിനാലാണ്. |
| (സി) | തടസ്സമുണ്ടെങ്കിൽ പകരം നിഷ്കർഷിച്ചിട്ടുള്ള ബദൽ മാർഗ്ഗങ്ങൾ വിശദീകരിക്കുമോ? | (സി) | ജി.ഐ റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് പകരം അലുമിനിയം ഷീറ്റുകൾ ഉപയോഗിക്കുന്നതിനാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ